# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ **3061**

21/06/2013 ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മുല്ലക്കര രത്നാകരൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര തുക വിതരണം ചെയ്തു എന്ന് വെളിപ്പെടുത്താമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശയനുസരിച്ച് സഹകരണ സംഘം രജിസ്ട്രാർ മുഖേന 37.70 കോടി രൂപ സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) എത്ര കോടി രൂപയുടെ അവാർഡ് പാസ്സാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 49,26,94,698/- രൂപ കടാശ്വാസമായി അനുവദിക്കുന്നതിന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) കർഷക കടാശ്വാസ കമ്മീഷനിൽ എത്ര അപേക്ഷകൾ തീർപ്പുകല്പിക്കാനായി അവശേഷിക്കുന്നു എന്ന് വെളിപ്പെടുത്തുമോ? | (സി) 01/10/2012-ലെ ജി.ഒ.(പി.)നം.370/2012/ആർഡി. പ്രകാരം വയനാട് ജില്ലയിലെ കർഷകരുടെ 2011 ഒക്ടോബർ 31 വരെയുള്ള കടങ്ങൾ കൂടി കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നതിനെ തുടർന്ന് ജില്ലയിൽ നിന്ന് പുതുതായി സ്വീകരിച്ച 18,526 അപേക്ഷകൾ ഉൾപ്പെടെ കമ്മീഷനിൽ 95,622 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ